LIBRARY ARCHIVES Kerala Legislative Assembly

## പ്രാക്തന ഗോത്ര വിഭാഗ ഉന്നമനം

233(2437) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ തുടങ്ങിയ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതുമൂലം കോളനി നിവാസികൾക്കുണ്ടായിട്ടുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭവന നിർമ്മാണപദ്ധതി ഉടൻ പൂർത്തീകരിക്കുന്നതിനും പദ്ധതി നിർവ്വഹണത്തിൽ കെടുകാര്യസ്ഥതയും അഴിമതിയും ഉണ്ടായതായ ആക്ഷേപം പരിശോധിച്ച് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ എന്നീ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണപ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* പെരുമ്പാറ, ഷോളയാർ, ആനക്കയം എന്നീ കോളനികളിൽ നടപ്പാക്കിയ മണ്ണ്/ജലസംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രത്യേക പോഷകാഹാര വിതരണ പദ്ധതി പ്രകാരം കോളനികളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്ത് വരുന്നു. മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സ്കൂളിന് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ

234 (2438) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആട്ടത്തോട് കോളനിയിലെ ആദിവാസി കുട്ടികൾക്കായി ഈ വർഷം ആരംഭിച്ച സ്കൂളിന് സ്ഥലം വിട്ടുകിട്ടുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എത്ര ഭൂമിയാണ് കൂടുതലായി ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഭൂമി ആരുടെ ഉടമസ്ഥതയിലുള്ളതാണെന്നും ഇത് സംബന്ധിച്ച ഫയൽ നിലവിൽ ആരുടെ പക്കലാണ് ഉള്ളതെന്നും വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആട്ടത്തോട് പട്ടികവർഗ്ഗ സങ്കേതത്തിനുള്ളിൽ നടപ്പുവർഷം പ്രവർത്തനം ആരംഭിച്ചിട്ടുള്ള പ്രൈമറി സ്കൂളിന് സ്ഥിരമായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഒരു ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് ബന്ധപ്പെട്ട വനാവകാശ സമിതി, ഊരുകൂട്ട യോഗം എന്നിവ ചേർന്ന് തീരുമാനം കൈക്കൊള്ളുകയും ആവശ്യമായ രേഖകൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് റാന്നി ടൈബൽ ഡെവലപ്മെന്റ് ഓഫീസിൽനിന്ന് കൈമാറുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെയാണ് പദ്ധതി നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. റാന്നി ഫോറസ്റ്റ് റേഞ്ച് ആഫീസർ മുഖേന ടി സ്ഥലം അളന്ന് നൽകുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിച്ച് വരുന്നു. നിലയ്ക്കൽ ക്ഷേത്രകവാടത്തിന് എതിർവശമുള്ള ഒരു ഹെക്ടർ സ്ഥലമാണ് ഇതിനായി ആവശ്യപ്പെട്ടിട്ടുള്ളത്.

(ബി) വനം വകുപ്പിന്റെ അധീനതയിലുള്ള റിസർവ് വന ഭൂമിയാണിത്. ഇത് സംബന്ധമായ ഫയൽ റാന്നി ടൈബൽ ഡെവലപ്മെന്റ് ഓഫീസിലും, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസിലും ഫോറസ്റ്റ് ഡിവിഷണൽ ആഫീസിലും നിലവിലുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

**മുള്ളുമല ഗിരിവർഗ്ഗ കോളനിയുടെ നവീകരണം**

235(2439) ശ്രീ. കെ. ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരം നിയോജകമണ്ഡലത്തിലെ മുള്ളുമല ഗിരിവർഗ്ഗ കോളനിയുടെ നവീകരണത്തിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങളുടെ നിർവ്വഹണച്ചുമതല ഏത് ഏജൻസിയെയാണ് ഏല്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കോളനിയുടെ നവീകരണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും അഴിമതിയോ ക്രമക്കേടോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ സ്ഥലം എം.എൽ.എ.യുടേതുൾപ്പെടെ പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നവീകരണ പ്രവർത്തനം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?